13-10-2026

Ruling

റൂളിങ്ങ്

ബിൽകൊണ്ടുവന്നതിലെ ചട്ടലംഘനം സംബന്ധിച്ച്

മി. സ്പീക്കർ: ഈ ബിൽ സംബന്ധിച്ച് ക്രമീകരണത്തിലുള്ള റൂളിങ്ങാണ്. ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് മൂന്ന് ദിവസം മുമ്പെങ്കിലും പ്രസ്തുത ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് ലഭ്യമായിരിക്കണം എന്ന നിബന്ധന ലംഘിച്ചു എന്നും ബില്ലിൽ ഭരണഘടനാപരമായ വൈരുദ്ധ്യം നിലനിൽക്കുന്നുണ്ടെന്നും ധനകാര്യ മെമ്മോറാണ്ടത്തിൽ പൊരുത്തക്കേടുകളും സംസ്ഥാനത്തിന്റെ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകളുണ്ടെന്നും ബില്ലിലെ 28-ാം വകുപ്പിലെ 'ലിവിംഗ് വിൽ' തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ അഡ്വാൻസ്ഡ് മെഡിക്കൽ ഡയറക്ടീവ് സംബന്ധിച്ച് ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾക്ക് വിരുദ്ധമാണെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. കെ. അക്ബർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിട്ടുള്ള കാര്യം.

ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരണം നൽകിയിട്ടുണ്ട്. 2026-ലെ കേരളം മുതിർന്ന പൗരന്മാരുടെ (പരിചരണവും അവകാശസംരക്ഷണവും) ബിൽ 10-10-2026-ന് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും 11-10-2026-ന് അംഗങ്ങൾക്ക്

Ruling

കോപ്പി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ബില്ലിന്റെ അവതരണത്തിനുശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നതിന് മൂന്ന് പൂർണ്ണ ദിവസങ്ങൾക്കുമുമ്പ് ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണെന്ന് നിയമസഭാ ചട്ടങ്ങളിലെ ചട്ടം 76 (2)-ലെ ക്ലിപ്ത നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. മൂന്ന് പൂർണ്ണ ദിവസങ്ങൾ ലഭിക്കാത്തപക്ഷം അംഗങ്ങൾക്ക് ഉപക്ഷേപത്തിന്റെ അവതരണത്തെ എതിർക്കാവുന്നതാണ്. സ്പീക്കർ തന്റെ വിവേചനാധികാരം ഉപയോഗിച്ച് അങ്ങനെയുള്ള ഉപക്ഷേപം അവതരിപ്പിക്കാൻ അനുവദിക്കാത്തപക്ഷം ആ എതിർപ്പ് നിലനിൽക്കുന്നതുമാണ്.

പതിനഞ്ചാം കേരളനിയമസഭയുടെ കാലയളവിലും ഇത്തരത്തിൽ ബില്ലുകൾ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കാതെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചിട്ടുണ്ട്. ഉദാഹരണമായി: (i) Kerala Land Assignment (Amendment) Bill 2023-ന്റെ പകർപ്പ് 10-08-2023-ൽ അംഗങ്ങൾക്ക് വിതരണം ചെയ്യുകയും ബിൽ അന്നുതന്നെ സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. (ii) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ പകർപ്പ് അംഗങ്ങൾക്ക് വിതരണം ചെയ്ത 04-10-2021-നുതന്നെ പ്രസ്തുത ബിൽ

അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അടിയന്തര സാഹചര്യത്തിൽ സഭ മുമ്പാകെ വരുന്ന ബില്ലുകളിൽ സ്പീക്കറുടെ പ്രത്യേക അധികാരം വിനിയോഗിച്ച് ചട്ടപ്രകാരം ആവശ്യമായിട്ടുള്ള മൂന്ന് ദിവസം എന്ന സമയത്തിൽ ഇളവ് വരുത്തിയിട്ടുണ്ട്. ആ സാഹചര്യത്തിൽ ചെയറിന്റെ വിവേചനാധികാരം ഉപയോഗിച്ച് ബിൽ അവതരിപ്പിക്കുന്നതിന് അനുമതി നൽകാവുന്നതാണ്. മൂന്ന് ദിവസം എന്ന സമയ പരിധി വച്ചത് അംഗങ്ങൾക്ക് ബിൽ പഠിക്കുന്നതിനാവശ്യമായ സമയം ലഭിക്കുന്നതിനുവേണ്ടിയാണ്. ആയതിനാൽ ഇനിയുള്ള സമ്മേളനങ്ങളിൽ ചട്ടപ്രകാരമുള്ള ദിവസങ്ങൾ അംഗങ്ങൾക്ക് ലഭിക്കത്തക്കവിധം ബില്ലുകൾ വിതരണം ചെയ്യാൻ സർക്കാർ കൃത്യമായി ശ്രദ്ധിക്കേണ്ടതാണ്.

ബില്ലിലെ 30-ാം വകുപ്പ് 7-ാം ഉപവകുപ്പിൽ 2023-ലെ BNSS-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ട് പ്രകാരമുള്ള കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം ലഭിക്കാവുന്നതും ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത് കേന്ദ്ര നിയമത്തെ മറികടക്കുന്ന ഒന്നാകയാൽ ഭരണഘടനയുടെ അനുച്ഛേദം 254(2) പ്രകാരം രാഷ്ട്രപതിയുടെ മുൻകൂർ അനുമതി ആവശ്യമാണെന്നാണ് അംഗം ക്രമപ്രശ്നത്തിൽ

പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ ബില്ലിലെ ഖണ്ഡം 33-ലെ വ്യവസ്ഥകൾ പ്രകാരം ഈ ആക്ടിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് പുറമേയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ബില്ലിലെ വ്യവസ്ഥകൾ ഏതെങ്കിലും കേന്ദ്ര നിയമത്തെ മറി കടക്കുന്നതാണെന്നും ഭരണഘടനയുടെ അനുച്ഛേദം 254(2) പ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ അനുമതി വേണമെന്നുള്ള അംഗത്തിന്റെ വാദഗതി നിലനിൽക്കുന്നതല്ല.

ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ആവർത്തന ചെലവിനത്തിൽ പ്രതിവർഷം ഇരുപത്തിയഞ്ചുലക്ഷം രൂപ ചെലവുണ്ടാവുമെന്നും മുതിർന്ന പൗരസംരക്ഷണത്തിനുവേണ്ടി യൂണിറ്റ് രൂപീകരിക്കുന്നതിന് നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയതിനാൽ ഗണ്യമായ അനാവർത്തന ചെലവ് പ്രതീക്ഷിക്കുന്നില്ല എന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണം തൃപ്തികരമാണ്.

ബില്ലിലെ 28-ാം വകുപ്പിലെ 'ലിവിംഗ് വിൽ' തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ 2023 ജനുവരിയിൽ സുപ്രീംകോടതി വരുത്തിയ ഭേദഗതികൾക്ക്

Ruling

വിരുദ്ധമാണ് എന്നതാണ് ക്രമപ്രശ്നത്തിൽ ഉന്നയിച്ചിട്ടുള്ള മറ്റൊരു കാര്യം. ഇന്ന് അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റി 8-ന്റെ പരിഗണനയ്ക്ക് ഈ ബിൽ അയയ്ക്കുകയാണ്. സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും പ്രൊവിഷൻസ് ഈ ബില്ലിലുണ്ടെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ അത് സബ്ജക്ട് കമ്മിറ്റിയിൽവച്ച് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതേയുള്ളൂ.

ബഹുമാനപ്പെട്ട അംഗം എൻ. കെ. അക്ബർ അവതരിപ്പിച്ചിട്ടുള്ള തടസ്സവാദങ്ങൾ തള്ളുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ബിൽ അവതരിപ്പിക്കാവുന്നതാണ്.